പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1592 06/03/2017 ൽ മറുപടിക്ക്

## തെരുവ് നായ്ക്കളുടെ വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തെരുവ് നായ്ക്കളുടെ വർദ്ധന തടയുന്നതിന് കൈക്കൊണ്ട നടപടികൾ പൂർണ്ണപരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ; | ബി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനകം 12,867 പേർക്ക് പരിക്കേൽക്കുകയും 4 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീമതി. ഡോളിയുടെ കുടുംബത്തിന് ഡബ്ല്യു.പി.(സി) 599/15 നമ്പർ കേസിലെ 05/04/2016 തീയതിയിലെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പിൽ നിന്നും 40,000/- രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. |
| ഡി) ബഹു.സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ ധനസഹായം നൽകുന്നതിനെ സംബന്ധിച്ച ശുപാർശ എന്താണെന്നും പ്രസ്തുത ശുപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ? | ഡി) ഇല്ല |

Rajeena

സെക്ഷൻ ഓഫീസർ